# ഉൾക്കാഴ്ച

കുറേക്കാലം ഒഴുകിക്കൊണ്ടിരുന്ന ജീവിതനദിയിലേക്കെന്നപോലെ അയാൾ നിസ്വമായി തന്റെ പറമ്പിലേക്ക് നോക്കിക്കൊണ്ടിരുന്നു .കാലം ചുളിവുവീഴ്ത്തിയ നെറ്റിത്തടത്തിൽ വിയർപ്പുഗോളങ്ങൾ ഉരുണ്ടുകൊണ്ടിരുന്നു . കാഴ്ചയ്ക്കു പിടിക്കാത്ത എന്തോ ഒന്നിനോടെന്നപോലെ അയാൾ മുഖം തിരിച്ചു .

'എന്താ ദാമുവേട്ടാ ഒരു വിഷമം ?'

' എങ്ങനെ വിഷമിക്കണ്ടിരിക്ക്യ ? എല്ലാം കൃത്രിമാ, പറമ്പിന്റെ ജീവനെല്ലാം പോയി .ഇപ്പൊ കാശു കിട്ടണതല്ലേ ഉള്ളു .'

'അത് ശരിയാണ്, ഇന്ന് കാശിനും അധികാരത്തിനും വേണ്ടിയാണെല്ലാം .അതിനു വേണ്ടീട്ടാ എല്ലാം .'

വരാന്തയിലേക്ക് കയറിപ്പോയ ആ കാൽപാദങ്ങൾ ടെലിവിഷനുമുന്പിൽ നിന്നു. കണ്ണുകൾ പരിഭ്രമത്തിലാഴ്ന്നു .അതൊരുതരത്തിൽ ഒരു സംശയമായിരുന്നോ? അയാൾക്കുപോലും അറിയില്ലായിരുന്നു . തന്റെ കാഴ്ചയെ തിമിരം ബാധിച്ചിട്ടില്ലാത്തതുകൊണ്ട് എല്ലാം പക്ഷെ അപ്പോഴുണ് അയാൾക്ക് വ്യക്തമായിരുന്നു .

'ഞങ്ങളുടെ ദൈവത്തെ ഞങ്ങൾ സംരക്ഷിക്കും അത് ചോദിക്കാൻ നിങ്ങൾ ആരാണ്?'

'പക്ഷെ , നിങ്ങളുടെ പ്രക്ഷോഭം .........'

' അതെ ഞങ്ങൾ പ്രതിഷേധിക്കും , ശക്തമായി പ്രതിഷേധിക്കും .'

ടി.വിയ്ക്ക് അകത്തുനിന്നു അലർച്ചകൾ മുസാങ്ങിക്കൊണ്ടിരുന്നു .അതൊരുതരം അലോസരപ്പെടുത്തലായി തന്റെ തലയ്ക്കകത്തുനിന്നു മുസാങ്ങുന്നതുകണ്ടു മുറിയിൽ കയറി വാതിലടച്ചു .വല്ലാതെ വിയർക്കുന്നുണ്ട്. ഒന്ന് അലറണമെന്നുണ്ട് പക്ഷെ ശബ്ദം വരുന്നില്ല .പ്രായം തളർത്തിയത്കൊണ്ടാവാം .

തനിക്കെപ്പോഴുമാശ്വാസം തരാറുള്ള ആ മുറിയിൽ അയാൾ വേവുകയായിരുന്നു.എവിടെനിന്നോ ഒഴുകിയെത്തിയപോലെ ഇരുട്ട് പടർന്നു കയറി . ഒടുവിൽ താൻ അതിൽ വീണു ചാകുമെന്നായപ്പോൾ പണ്ടെപ്പോളോ മാങ്ങാവീണു തകർന്ന ഓടിന്റെ വിടവിലൂടെ അയാൾ കണ്ണുകൾ ചേർത്തുവച്ചു ആസ്വദിച്ചു . പക്ഷെ ആ വിടവും നികന്നതു വളരെ പെട്ടെന്നായിരുന്നു . അലറി വിളിച്ചാൽപോലും കേൾക്കാത്ത വിധം കോൺക്രീറ്റ് പുതപ്പു വിരിക്കപ്പെട്ടു .

ഇരുളിൽ ഒരു ഇരയെപ്പോലെ അയാൾ മുരണ്ടു . അടഞ്ഞ കണ്ണുകൾ മെല്ലെ തുറന്നു .

'ഇല്ല ധൈര്യത്തോടെ തുറക്കുകതന്നെ .'

അയാൾ മന്ദ്രിച്ചു. എന്തോ ഒരു ശബ്ദം അയാളുടെ അടുത്തേക്ക് വന്നു . നെഞ്ചിൽ തുടികൊട്ടുന്നതു പോലെ . മറ്റൊരു വശത്തുനിന്നും ശബ്ദം . അത് കാലടികളായിരുന്നോ ? വേദനിപ്പിക്കുന്ന നിശബ്ദതയെ കീറിമുറിക്കുന്ന ഒന്നായിരുന്നു .

'നിങ്ങളാരാണ്?........'

തന്റെ ഇരുവശത്തുമുള്ള മനുഷ്യ രൂപങ്ങളോട് കരഞ്ഞുകൊണ്ട് അയാൾ ചോദിച്ചു . ഒന്നുകൂടി സൂക്ഷിച്ചു നോക്കി . അവർക്കു തന്റെ അതേ വസ്ത്രം , ശരീരം ,മുഖം !.ഇരുട്ടില്നിന്നു കൂടുതൽ കൂടുതൽ മുഖങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു . തന്നെ തന്നെ കണ്ടുപിടിക്കാനാവാതെ ഒരു കുഞ്ഞിനെപ്പോലെ അയാൾ കരഞ്ഞു .പരസ്പരം കലഹിക്കാൻ തുടങ്ങി .

'ഞാൻ സംരക്ഷിക്കുമെന്റെ ദൈവത്തെ . ആയുധം കയ്യിലെടുക്കിൻ.'

ആക്രോശങ്ങൾ കൂടിക്കൂടി വന്നു . അട്ടഹാസങ്ങൾ ഭിത്തികളിൽ തട്ടി നദിയിൽ ഓളങ്ങൾ തീർത്തു . ആയുധമേന്തിയ രൂപങ്ങൾ വിരൂപികളായി മാറിക്കൊണ്ടിരുന്നു . തിളങ്ങുന്ന ദ്രംഷ്ടകളിൽ പോലും ഇരുട്ട്. തന്റെ കഴുത്തിനുനേരെ എപ്പോൾ വേണമെങ്കിലും അവ പാഞ്ഞടുക്കാം .ഇരുട്ടിൽ ശ്വാസംകിട്ടാതെ പിടഞ്ഞ അയാളിൽ ആ യാഥാർഥ്യം ഒരു തീഖോളംപോലെ ഉരുണ്ടു കയറി. ഒരുവിധം അന്ധകാരനദിയെ വകഞ്ഞു മാറ്റി വാതിൽ

തള്ളി തുറന്നു .
കുതിച്ചെത്തിയ പ്രകാശധാരയിൽ വിരൂപികൾ അപ്രത്യക്ഷമായിക്കൊണ്ടിരുന്നു .അലർച്ചകൾ ഓടി മറഞ്ഞുകൊണ്ടിരുന്നു . പക്ഷെ ചില നിലവിളികൾ കേൾക്കാമായിരുന്നു . ഇരുട്ട് പൂർണമായും നീങ്ങിയില്ല . പക്ഷെ അയാൾ ഇരുട്ടിനെ അതിജീവിച്ചിരിക്കുന്നു. അന്ധകാരത്തിലും കത്തുന്ന കണ്ണുമായി .